"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/13514/2026-H1 -

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 10-08-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2026-27 അദ്ധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് - നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. 05.11.2017 ലെ സ.ഉ.(കൈ) നം.194/2007/പൊ.വി.വ

*****

സ്കൂൾ പാർലമെന്റ് രൂപവത്കരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖയും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2026-27 അദ്ധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സംബന്ധിച്ച തീയതിയും മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## തിരഞ്ഞെടുപ്പ് സംബന്ധിച്ച സമയക്രമം.

| | | |
|---|---|---|
| **1.** | നാമ നിർദ്ദേശ പത്രിക സമർപ്പണം ആരംഭിക്കുന്ന തീയതി | **07.09.2026** |
| **2.** | നാമ നിർദ്ദേശ പത്രിക സമർപ്പിക്കാവുന്ന അവസാന തീയതി | **10.09.2026**<br>(പകൽ 12 മണി വരെ) |
| **3.** | നാമ നിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള തീയതി | **10.09.2026**<br>(വൈകുന്നേരം 5 മണി വരെ) |
| **4.** | നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള തീയതി | **14.09.2026**<br>(പകൽ 1 മണി വരെ ) |
| **5.** | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **14.09.2026**<br>(പകൽ 3.30 വരെ) |
| **6.** | വോട്ടെടുപ്പ് തീയതി | **17.09.2026**<br>(പകൽ 11 മണി വരെ) |
| **7.** | വോട്ടെണ്ണൽ സ്ഥലവും ഫല പ്രഖ്യാപന തീയതിയും. | **17.09.2026**<br>(പകൽ 1 മണി വരെ, അതാത് ക്ലാസുകളിൽ ) |
| | പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് | **17.09.2026** |

| | | |
|---|---|---|
| 8. | തീയതി | (പകൽ 1 മണിക്ക് ശേഷം) |
| 9. | സ്കൂൾ പാർലമെന്റിന്റെ ആദ്യ യോഗം. | 17.09.2026<br>(പകൽ 3.00 മണി) |

സൂചന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് എന്നും ആയതിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു. തികച്ചും സമാധാനപരവും രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ ഇല്ലാതേയും ആയിരിക്കണം പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് എന്നും ആയത് വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും ഐക്യവും സാഹോദര്യവും വളർത്തുവാൻ സഹായകരമായ വിധത്തിലും ആയിരിക്കണം എന്നും നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്ന വിവരം സ്കൂൾ അധികൃതർ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് തിരഞ്ഞെടുപ്പ് നടത്തുന്നത് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

Digitally signed by
SNEHIL KUMAR SINGH
Date: 10-08-2026
16:33:54

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും
3. എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും
4. എല്ലാ ഹയർ സെക്കൻഡറി മേഖലാ ഉപമേധാവികൾക്കും
5. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി അഡിഷണൽ ഡയറക്ടർമാർക്കും
6. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു.)
2. കരുതൽ ഫയൽ